## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

18.12.2014ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 4806

### കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പ്രൊമോഷൻ

| ചോദ്യം<br>ശ്രീ. ഹൈബി ഈഡൻ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| (എ) 2006 ൽ മുൻ സർക്കാരിന്റെ കാലത്ത് കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ എത്ര എൽ.ഡി ക്ലാർക്കുമാരെ യു.ഡി ക്ലാർക്കുമാരായും, പിന്നീട് എത്ര ദിവസം കഴിഞ്ഞ് ഫിനാൻസ് മാനേജർ, ഓഫീസ് മാനേജർ, വെൽഫയർ ഇൻസ്പെക്ടർ, സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട്, തുടങ്ങിയ തസ്തികകളിൽ പ്രൊമോഷൻ നൽകി നിയമിച്ചു, ഇത്രയും പ്രൊമോഷൻ ലഭിച്ചവരുടെ പേരും തസ്തികകളും നൽകുമോ; ഈ കാലയളവിൽ ഈ സ്ഥാപനത്തിൽ സർക്കാർ അംഗീകരിച്ച തസ്തികകളും ശമ്പള സ്കെയിലുകളും വ്യക്തമാ ക്കാമോ; | (എ) 16/03/1996 ലെ ജി.ഒ (എം.എസ്) നമ്പർ. 61/96/വ്യവ പ്രകാരം കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സ്ഥിരപ്പെടുത്തിയ 22 എൽ.ഡി ക്ലാർക്കുമാരിൽ 17 പേരെ 01/03/2005 പ്രാബല്യത്തോടെ 17/08/2006 ലെ ക്ഷേമനിധി ബോർഡിന്റെ CWB/E1/2011/2000 ഉത്തരവു പ്രകാരം യു.ഡി ക്ലാർക്കുമാരായി പ്രമോഷൻ നൽകിയിട്ടു ണ്ട്. തുടർന്ന് 25-ാം മതു ദിവസം 17 യു.ഡി ക്ലാർക്കുമാരിൽ നിന്ന് 12 പേർക്ക് സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലാർക്ക് തുടങ്ങിയ തസ്തികകളിലേക്ക് പ്രമോഷൻ നൽകി. ടി പ്രമോഷൻ ലഭിച്ചവരുടെ പേരും തസ്തികകളും അനുബന്ധമായി ചേർക്കുന്നു. ഈ കാലയളവിൽ കേരളാ കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സർക്കാർ അംഗീകരിച്ച തസ്തികകളും ശമ്പള സ്കെയിലുകളും ഇല്ല. |
| (ബി)പ്രൊമോഷൻ കൊടുത്ത് നിയമിച്ച തസ്തികകൾക്ക് അനുമതി നൽ കിയിട്ടു ണ്ടോ; | ബി) പ്രൊമോഷൻ കൊടുത്ത് നിയമിച്ച തസ്തികകൾക്ക് അനുമതി നൽ കിയിട്ടില്ല. |
| (സി) ഇപ്രകാരം നടത്തിയ പ്രൊമോഷനുകൾ കേരള കയർ തൊഴിലാളി ക്ഷേമനിധിയുടെ ഡയറക്ടർ ബോർഡോ, സർക്കാരോ നാളിതുവരെ അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ക്ഷേമനിധി ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് മേൽപ്പറഞ്ഞ പ്രമോഷൻ നടത്തുവാൻ അധികാരമുണ്ടോ ; | (സി) ടി പ്രൊമോഷനുകൾ കേരള കയർ തൊഴിലാളി ക്ഷേമനിധിയുടെ ഡയറക്ടർ ബോർഡോ സർക്കാരോ നാളിതുവരെ അംഗീകാരം നൽ കിയിട്ടില്ല കൂടാതെ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് പ്രൊമോഷനുകൾ നടത്തുവാൻ അധികാരമില്ല |
| (ഡി) പ്രൊമോഷൻ സംബന്ധിച്ച് ധനകാര്യ വകുപ്പ നടത്തിയ പരിശോധന റിപ്പോർട്ടിൽ | (ഡി) പ്രസ്തുത ജീവനക്കാർക്ക് സ്ഥാന ക്കയറ്റം നൽകിയത് ചട്ടവിരുദ്ധമായ |

| | |
|---|---|
| എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു ; | നടപടിക്രമം ആയതിനാലും , ബോർഡിലെ സ്റ്റാഫ് പാറ്റേണും സ്പെഷ്യൽ റൂളും അംഗീകരിച്ചു കിട്ടാത്ത അവസ്ഥ പരിഗണിച്ചും, ടി ജീവന ക്കാരുടെ പ്രൊമോഷൻ സർക്കാർ അംഗീകരിച്ചിട്ടില്ലാത്തതിനാലും, പ്രൊമോഷൻ കിട്ടിയ തസ്തികയിലെ ശമ്പളം സ്വീകരിക്കുന്നത് അഭികാമ്യമല്ലാത്തതിനാൽ നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി നടത്തിയ പ്രൊമോഷനുകൾ റദ്ദു ചെയ്യുന്നതിനും ടി ഇനത്തിൽ നൽകിയിട്ടുള്ള അധിക വേതനം അടിയന്തിരമായി തിരിച്ചു പിടിക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണെന്ന് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പ് നിർദ്ദേശത്തിനുമേൽ ഇപ്രകാരം പ്രൊമോഷൻ ലഭിച്ച 12 ജീവനക്കാരെ റിവേർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചപ്പോൾ പ്രസ്തുത നടപടിക്കെതിരെ ബഹു. ഹൈക്കോടതിയിൽ ടി ജീവനക്കാർ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും താത്കാലിക സ്റ്റേ വാങ്ങി അതത് തസ്തികയിൽ തുടർന്നു പോരുകയും ചെയ്യുന്നു. എന്നാൽ ഇപ്പോൾ ബഹു. കേരള ഹൈക്കോടതി അന്തിമവിധി പുറപ്പെടുവിച്ചിട്ടുണ്ട്. വിധിപ്പകർപ്പ് ലഭിച്ച ശേഷം തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) അനധികൃത പ്രൊമോഷൻ നടത്തിയതിലൂടെ കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് ധനനഷ്ടം വരുത്തിയ ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ഇ) പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| (എഫ്)അനധികൃതമായി നടത്തിയ പ്രൊമോഷൻ സംബന്ധിച്ച് ഇപ്പോൾ ബഹു.കേരള ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടോ? | (എഫ്) ഉണ്ട്, പ്രസ്തുത കേസിൻമേൽ ബഹു. കേരള ഹൈക്കോടതി അന്തിമവിധി പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ വിധിന്യായത്തിൻറെ പകർപ്പ് സർക്കാരിൽ ലഭ്യമായിട്ടില്ല. |
| (ജി) ടി പ്രൊമോഷൻ റദ്ദ് ചെയ്യുമോ? | (ജി) ഇതു സംബന്ധിച്ച ബഹു. ഹൈക്കോടതി വിധിപ്പകർപ്പ് ലഭിച്ച ശേഷം നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം

| ക്രമ നമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | ഷീലാദേവി .എസ് | ഫിനാൻസ് മാനേജർ (സീനിയർ സൂപ്രണ്ട് |
| 2 | എൻ.ഡി. തങ്കമണി | ഓഫീസ് മാനേജർ (സീനിയർ സൂപ്രണ്ട്) |
| 3 | മോഹനചന്ദ്രൻപിള്ള | ചേർത്തല സബ് ഓഫീസർ (സീനിയർ സൂപ്രണ്ട്) |
| 4 | ശോഭനകുമാരി . കെ | ജൂനിയർ സൂപ്രണ്ട് |
| 5 | വത്സലകുമാരി. ജി | ജൂനിയർ സൂപ്രണ്ട് |
| 6 | ഇ. ഹാരിസ് | ജൂനിയർ സൂപ്രണ്ട് |
| 7 | ഉഷാകുമാരി. കെ | ജൂനിയർ സൂപ്രണ്ട് |
| 8 | കെ.എസ്. ഷാജി | ജൂനിയർ സൂപ്രണ്ട് |
| 9 | ജോജിച്ചൻ സി. പൂണിയിൽ | ജൂനിയർ സൂപ്രണ്ട് |
| 10 | വിനീത . എസ് | ജൂനിയർ സൂപ്രണ്ട് |
| 11 | ബി. ജയരാജ് | ഹെഡ് ക്ലാർക്ക് |
| 12 | ഡി. മിനി | ഹെഡ് ക്ലാർക്ക് |

സെക്രട്ടറി ഇ/ചാർജ്